ഡോ. വി.ആർ. മുരളീധരൻ

# കേരളീയസംസ്കൃതപാരമ്പര്യത്തിന്റെ കൈവഴികൾ

കേരളീയസംസ്കൃതപാരമ്പര്യത്തിന്റെ മുഖ്യമായ കൈവഴികളെക്കുറിച്ച് ചിന്തിക്കുമ്പോൾ ചരിത്രപരവും സാഹിതീയവും സാമൂഹികവുമായ ചിന്തനങ്ങൾ പ്രസക്തങ്ങളാണ്. കേരളത്തിൽ സംസ്കൃതമെന്നാണ് ഉദയംകൊണ്ടത് എന്ന ചോദ്യത്തിന് ഔത്തരാഹന്മാരായ (വടക്കുനിന്നുള്ളവർ) ബ്രാഹ്മണരുടെ വരവോടുകൂടിയാണ് സംസ്കൃതം കേരളത്തിൽ പ്രചാരംനേടിയത് എന്ന ശക്തമായ മറുപടി പ്രബലമാണ്. അത്തരം വാദങ്ങളെ സമർത്ഥിക്കുന്ന ധാരാളം ലേഖനങ്ങളും ഗ്രന്ഥങ്ങളും സുലഭവുമാണ്. എന്നാൽ വയനാട്ടിലും മറ്റു മലമ്പ്രദേശങ്ങളിലും ഇന്നും പഴമയുടെ അവശിഷ്ടങ്ങളായിക്കാണുന്ന ജൈനഗുഹകളും കല്ലറകളും കേരളത്തിലെ സംസ്കൃത പാരമ്പര്യത്തിന്റെ വേറിട്ട മുഖമുദ്രയായി കണക്കാക്കേണ്ടതാണ്. വിശിഷ്യ സംസ്കൃതഭാഷയിലൂടെ പെരുമയാർന്ന നിഘണ്ടുസാഹിത്യവും വൈദ്യവും ജനകീയമായ സംസ്കൃതത്തിന്റെ അടിത്തറകളെ സൂചിപ്പിക്കുന്നുണ്ടല്ലോ. അത്തരം കൃതികളുടെ പ്രയോക്താക്കൾ ജൈനമുനിമാരായിരുന്നു എന്നത് ശ്രദ്ധേയമാണ്. കേരളസംസ്കൃതപാരമ്പര്യത്തിലെ സംസ്കൃതരൂപമഞ്ജരി ശ്രദ്ധിച്ചാൽ ഇക്കാര്യം കൂടുതൽ സ്പഷ്ടമാകും. ഇത്രയും മഹത്തായ ജൈനപാരമ്പര്യം ഇനിയും വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടോ എന്ന കാര്യം സംശയാസ്പദമാണ്. കേരളവും കടന്ന് ശ്രീലങ്കയോളം വ്യാപിച്ച ബൗദ്ധരുടെ സഞ്ചാരപഥങ്ങളും തിരിച്ചറിഞ്ഞാൽ സംസ്കൃതം ദക്ഷിണേന്ത്യ മുഴുവൻ വ്യാപിച്ചതിന്റെ മൗലികത ഔത്തരാഹന്മാരായ ബ്രാഹ്മണരുടെ മാത്രം സമ്പാദ്യമായി കണക്കാക്കാൻ വിഷമിക്കേണ്ടി വരും.

സംസ്കൃതപാരമ്പര്യചിന്തയിൽ ആദ്യമേ മനസ്സിലിടം നേടേണ്ട ഒരു വസ്തുത കേവലം സംസ്കൃതഭാഷാപ്രയോഗചാതുരിയല്ല




പാരമ്പര്യമെന്നു പറയുന്നത് എന്നതാണ്. പ്രായോഗികമായ പ്രയോജനപരതയാണ് ഒരു വിഷയത്തെ സമഗ്രവും പഠനാർഹവുമാക്കി മാറ്റുന്നത്. ഇപ്രകാരം സൂചിപ്പിക്കാൻ കാരണം ഇന്നത്തെ പല സംസ്കൃതപ്രണയികളും ദശദിനശിബിരത്തിലൂടെ സൾഫർപുകയേല്പിച്ച് പഴുപ്പിച്ച എന്നാൽ പക്വതവന്നിട്ടില്ലാത്ത പഴമാണ് സംസ്കൃതമെന്ന രീതിയിൽ പ്രയോഗിക്കുന്നത് എന്നുള്ളതാണ്. സംസ്കൃതവിജ്ഞാനത്തെ സാധാരണക്കാരനുപോലും മനസ്സിലാക്കാനാവുന്ന വിധം ലളിതമായും രസകരമായും പ്രയോജനവത്തായും പ്രയോഗപഥത്തിൽ എത്തിക്കാനുള്ള കഴിവാണ് യഥാർത്ഥത്തിൽ വേണ്ടത്. ജൈനബൗദ്ധപാരമ്പര്യത്തിനുശേഷം പത്തൊമ്പതാം ക്രിസ്തുശതകത്തിൽ കേരളവർമ്മ വലിയ കോയിത്തമ്പുരാനും ഏ.ആർ.രാജരാജവർമ്മയും കുട്ടികൃഷ്ണമാരാരും മറ്റു നിരവധി പണ്ഡിതന്മാരും സ്വീകരിച്ച ആ വഴിയാണ് സംസ്കൃതത്തെ കേരളീയരുടെ ഇടയിൽ പരിചിതമാക്കിയത്. അവർ നേടിയ സംസ്കൃതപരിജ്ഞാനത്തെ മനോഹരമായ ശൈലിയിൽ അവരത് പ്രകടമാക്കുകയും ചെയ്തു. മുമ്പേ പറഞ്ഞ ജൈനരും ബൗദ്ധരും സംസ്കൃതത്തിലെ ശാസ്ത്രീയമായ വിഷയങ്ങൾ തികഞ്ഞ കൈയ്യടക്കത്തോടെ ലളിതമായി സാധാരണക്കാർക്കായി പ്രയോജനപ്പെടുത്തി. വ്യാകരണം, കോശം, ആയുർവേദം മുതലായവ ഇത്തരത്തിൽ പ്രചുരപ്രചാരം നേടിയ സംസ്കൃതശാസ്ത്രശാഖകളാണ്.

കേരളീയസംസ്കൃതകൃതികളെപ്പറ്റി സാഹിത്യചരിത്രമെഴുതുമ്പോൾ ഒൻപതാം നൂറ്റാണ്ടിൽ പെട്ടെന്നൊരു ശങ്കരനെഴുതുന്ന നീണ്ടുനീണ്ട ഭാഷ്യങ്ങളും പ്രകരണഗ്രന്ഥങ്ങളും ആദ്യസ്ഥാനം ഗ്രഹിക്കുന്നതിന്റെ യുക്തിരാഹിത്യം നാം ഗൗനിക്കാറില്ല. ശങ്കരനുമുമ്പുതന്നെ പ്രസിദ്ധമായ വരരുചികൃതമായ ചന്ദ്രസ്ഫുടഗണിതത്തിനു സഹായകമായ ഗീർന്നഃ ശ്രേയഃ എന്നു തുടങ്ങുന്ന 248ലേറെ വരുന്ന ചാന്ദ്രവാക്യങ്ങളും കാളിദാസനും ദണ്ഡിയും അഭിനവഗുപ്തനും മറ്റു ഗ്രന്ഥകാരന്മാരും പരാമർശിക്കുന്ന കേരളീയത്തനിമയുടെ പലതരത്തിലുള്ള വസ്തുതകളും കൂടുതൽ ആഴത്തിൽ പഠനവിധേയമാക്കാവുന്നതാണ്. രാജാക്കന്മാരുടേയും ബ്രാഹ്മണരുടേയും ഗുരുകുലങ്ങൾക്കൊപ്പം ആശാൻപള്ളിക്കൂടങ്ങളും കളരികളും എവിടേയെല്ലാമോ നിലനിന്നിരുന്നതായി പഴംചൊല്ലുകളുണ്ടല്ലോ. ആശാനക്ഷരമൊന്നുപിഴച്ചാൽ അമ്പത്തൊന്നു പിഴയ്ക്കും ശിഷ്യനു എന്ന് കുഞ്ചൻനമ്പ്യാർ പാടുമ്പോൾ പൊതുവെ ഗുരുക്കന്മാരായ നമ്പൂതിരിമാരെ ആരുംതന്നെ അന്നും ഇന്നും ആശാൻ എന്നു വിളിച്ചുകാണാനില്ല എന്നതും ശ്രദ്ധിക്കണം. ശക്തിഭദ്രനും അതുലനും കുലശേഖരനും എഴുതിതെളിഞ്ഞ മാർഗ്ഗം അതിനുമുമ്പേ നടന്ന നിരവധി മനീഷികളുടെ സമഗ്രസംഭാവനയുടെ ഫലം കൂടിയാണ്.

# കേരളീയ സംസ്കൃത പാരമ്പര്യം:


## കൈവഴികൾ



എഡിറ്റർ

**ഡോ. ടി. മിനി**

കേരളത്തിന്റെ സംസ്കൃതപാരമ്പര്യം വിഭിന്നങ്ങളായ നിരവധി പാരമ്പര്യങ്ങളുടെ കൂട്ടായ്മയാണ്. ബുദ്ധ, ജൈന ധാരകളും പ്രാദേശിക വിജ്ഞാനധാരകളും എല്ലാം ഈ പാരമ്പര്യത്തിന്റെ കൈവഴികളാകുന്നു. കേരളത്തിന്റെ സംസ്കൃതപാരമ്പര്യത്തിന്റെ മതേതരസ്വഭാവം വെളിവാക്കുന്നതാണ് ഈ പഠനങ്ങൾ.



ISBN 978-93-5311-941-6
9 789353 119416 >

malayalam language
*keraleeya samskrtha paramparyam: kaivazhikal*

chief editor: v. r muralidharan
editor: dr. mini t.

*first progress edition*: July 2018
© rights reserved
*cover : anoop*

*typesetting*:
channelg kalady

printed at
SM Press,
Angamaly

published by
the editor
dr. mini.t
lokayatam publications, kalady

notice: no part of this publication may be reproduced or transmitted in any form or by any means without prior written permission of the publisher.

isbn: 9789353119416
₹ 200

# കേരളീയ സംസ്കൃത പാരമ്പര്യം

## കൈവഴികൾ

ചീഫ് എഡിറ്റർ
**വി.ആർ. മുരളീധരൻ**

എഡിറ്റർ
**ഡോ. മിനി ടി.**

## ഉള്ളടക്കം

### കേരളീയ സംസ്കൃതം, സംസ്കാരം


ഡോ. സുനിൽ പി. ഇളയിടം
*കേരളീയ നവോത്ഥാനവും സംസ്കൃതവും* 15–55

ഡോ. കെ.എം. അനിൽ
*പൗരസ്ത്യവാദവും കേരളീയഭാവനയും* 56–78

ഡോ. പി.വി. നാരായണൻ
*കേരളസമൂഹത്തിലും സംസ്കാരത്തിലും സംസ്കൃതത്തിന്റെ പ്രഭാവം* 79–97

ഡോ.സി. രാജേന്ദ്രൻ
*സാർവ്വലൗകിക സങ്കേതങ്ങളുടെ വിനിയോഗം: സംസ്കൃതവും കേരളത്തിന്റെ ബൗദ്ധിക ചരിത്രവും* 98–111

ഡോ. പി.വി. രാമൻകുട്ടി
*കേരളീയ സംസ്കൃതപാരമ്പര്യം പുന്നശ്ശേരി ഗുരുകുലത്തെ മുൻനിർത്തി ഒരവലോകനം* 112–123

ഡോ. വി.ആർ. മുരളീധരൻ
*കേരളീയസംസ്കൃതപാരമ്പര്യത്തിന്റെ കൈവഴികൾ* 124–132

ഡോ. കെ.എൽ. പത്മദാസ്
*ബൗദ്ധപാരമ്പര്യവും കേരളീയസംസ്കൃതവും* 133–140

പാർവതി
*കേരള കലാചരിത്രത്തിൽ കേരള കലാമണ്ഡലം* 141–154

## ശാസ്ത്രപാരമ്പര്യങ്ങൾ

ഡോ. എൻ.കെ. സുന്ദരേശ്വരൻ
*ആര്യഭടീയത്തിന്റെ രചനാകാലം: കേരളീയ നിരീക്ഷണങ്ങൾ* 156–159

ഡോ. കെ.കെ. ഗീതാകുമാരി
*വൃത്തശാസ്ത്രപഠനം: കേരളീയ സവിശേഷതകൾ* 160–171

ഡോ. യമുന കെ.
*കേരളത്തിന്റെ സംസ്കൃതവ്യാകരണപാരമ്പര്യം* 172–179

കെ.എ. രവീന്ദ്രൻ
*വേദപാരമ്പര്യത്തിന്റെ കേരളീയമുഖം: ഒരവലോകനം* 180–186

ഡോ. അംബിക കെ.ആർ.
*സംസ്കൃതവ്യാഖ്യാനശാഖയ്ക്ക് കേരളത്തിന്റെ സംഭാവന* 187–198

ഡോ. അജിത്കുമാർ കെ.വി.
*കേരളവും ആയുർവേദവും* 199–204

ഉഷ നങ്ങ്യാർ
*സംസ്കൃതവും കേരളീയകലാപാരമ്പര്യവും* 205–212

## സാഹിത്യപഠനങ്ങൾ

ഡോ. ബിബിത എൻ. ബി.
*മലയാളകൃതികളുടെ സംസ്കൃത വിവർത്തനങ്ങൾ* 214–222

ഡോ. നിധീഷ് കണ്ണൻ ബി.
*സാത്വികസ്വപ്നം: 20-ാം നൂറ്റാണ്ടിലെ ഒരു സാമ്രാജ്യത്വവിരുദ്ധ ഖണ്ഡകാവ്യം* 223–238

സഹല വി.കെ.
*അറബ്-മലയാളസാഹിത്യത്തിൽ സംസ്കൃതത്തിന്റെ സ്വാധീനം* 239–244

രതിക എ.എം.
*രാമവർമ്മ പരീക്ഷിത്ത് തമ്പുരാനും സംസ്കൃത ബൗദ്ധിക വിദ്യാഭ്യാസ പാരമ്പര്യവും ഒരു അവലോകനം* 245–256